"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-14-07-2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്-'മൊബൈൽ വെറ്റിനറി ക്ലിനിക്' പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1406/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/07/2021

പരാമർശം:- 1. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 06.07.2021 ലെ കത്ത്

2. 14.07.2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.57(1)-ാം നമ്പർ തീരുമാനം

**ഉത്തരവ്**

കാഞ്ഞങ്ങാട് ബ്ലോക്ക പഞ്ചായത്ത് പ്രദേശത്ത് ക്ഷീരകർഷകർക്ക് വീട്ടുപടിക്കൽ മൃഗഡോക്ടറുടെ സേവനം എത്തിക്കുക എന്ന ലക്ഷ്യത്തോടെ മൊബൈൽ വെറ്റിനറി ക്ലിനിക് തുടങ്ങാൻ ഉദ്ദേശിക്കുന്നതായും ഇതിനായി നടപ്പ് വർഷം ആവിഷ്കരിച്ച 5.00 ലക്ഷം രൂപ അടങ്കലുള്ള പദ്ധതിയ്ക്ക് (പ്രോജക്ട് നം. 54/22) വെറ്റിംഗ് ഓഫീസർ അനുമതി നിരസിച്ചതിനാൽ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ സമിതിയുടെ അംഗീകാരം നൽകണമെന്നും പരാമർശം (1) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിക്കുകയുണ്ടായി. പ്രോജക്ടിൽ ഡോക്ടർക്ക് വേതനമായി 2.00 ലക്ഷംരൂപ, മരുന്നിന് 2.00 ലക്ഷം രൂപ, ഉപകരണങ്ങൾ ക്ക് 1.00 ലക്ഷം രൂപ എന്നിങ്ങനെയാണ് വകയിരുത്തിയിരിക്കുന്നത്. പദ്ധതിയുടെ ആരംഭഘട്ടത്തിൽ വാഹനം സ്പോൺസർഷിപ്പ് വാടകയ്ക്ക് എടുക്കാനാണ് ഉദ്ദേശിക്കുന്നത്. വിഷയം 14.07.2021-ലെ കോഓർഡിനേഷൻ സമിതി യോഗം പരിഗണിക്കുകയും അനുമതി നല്കാൻ പരാമർശം (2) പ്രകാരം തീരുമാനിക്കുകയുമുണ്ടായി.

2. മേൽ വിവരിച്ച സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ക്ഷീരകർഷകർക്ക് വീട്ടുപടിക്കൽ മൃഗഡോക്ടറുടെ സേവനം എത്തിക്കുക എന്ന ലക്ഷ്യത്തോടെ കാഞ്ഞങ്ങാട് ബ്ലോക്ക പഞ്ചായത്ത് ആവിഷ്കരിച്ചിരിക്കുന്ന 'മൊബൈൽ വെറ്റിനറി ക്ലിനിക്' എന്ന പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

പ്രസിഡണ്ട്/സെക്രട്ടറി, കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, കാസർഗോഡ്

ജില്ലാ പ്ലാനിംഗ് ഓഫീസർ,കാസർഗോഡ്

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 27-07-2021 15:41:38
Reason: Approved
സെക്ഷൻ ഓഫീസർ